Reg. No. : ........................................

Name : ........................................

**FY-50**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – III

# ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

I. 1 മുതൽ 9 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം. (8 × 1 = 8)

1. വരുമാനം നേടുന്നതിനായി ഒരു ബിസിനസ് സ്ഥാപനം ചെലവഴിക്കുന്ന തുകയെ ______ എന്ന് വിളിക്കുന്നു.

(a) മൂലധന ചെലവ്
(b) ചെലവുകൾ
(c) മൂലധനം
(d) ആസ്തികൾ

2. ജേണലിൽ ഇടപാടുകൾ രേഖപ്പെടുത്തുന്ന പ്രക്രിയയെ വിളിക്കുന്നു ______.

(a) പോസ്റ്റിംഗ്
(b) ബാലൻസിങ്
(c) ജേർണലൈസിംഗ്
(d) ആകെത്തുക

3. രാജേഷിൽ നിന്ന് യന്ത്രസാമഗ്രികൾ കടത്തിന് വാങ്ങിയത് ______ ൽ രേഖപ്പെടുത്തും.

(a) പർച്ചേസ് ബുക്ക്
(b) പർച്ചേസ് റിട്ടേൺസ് ബുക്ക്
(c) ജേണൽ പ്രോപ്പർ
(d) ക്യാഷ് ബുക്ക്

4. ഡിമിനിഷിംഗ് ബാലൻസ് രീതി പ്രകാരം ഈടാക്കിയ മൂല്യക്ഷയ തുക ______.

(a) എല്ലാ വർഷവും വർദ്ധിക്കും
(b) എല്ലാ വർഷവും സ്ഥിരമായി തുടരുന്നു
(c) അതിന്റെ സ്ക്രാപ്പ് മൂല്യത്തിന് തുല്യമാണ്
(d) എല്ലാ വർഷവും കുറയും

5. ട്രയൽ ബാലൻസിൽ നൽകിയിരിക്കുന്ന ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ______ ൽ കാണിക്കും :

(a) ട്രേഡിംഗ് അക്കൗണ്ടിന്റെ ക്രെഡിറ്റ് വശം
(b) ബാലൻസ് ഷീറ്റിന്റെ അസറ്റ് വശം
(c) ലാഭനഷ്ട അക്കൗണ്ടിന്റെ ക്രെഡിറ്റ് വശം
(d) (a) & (b) എന്നീ രണ്ടിടത്തും

6. സ്റ്റേറ്റ്മെന്റ് ഓഫ് അഫയേഴ്സ് തയ്യാറാക്കുന്നത് ______ കണ്ടെത്തുന്നതിന് വേണ്ടിയാണ്.

(a) മൂലധനം
(b) അറ്റാദായം
(c) മൊത്തം ആസ്തികൾ
(d) മൊത്തം ബാധ്യതകൾ

7. താഴെപ്പറയുന്നവയിൽ ഏതാണ് ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിന്റെ ഘടകമല്ലാത്തത് ?

(a) ഹാർഡ്‌വെയർ (b) സോഫ്റ്റ്‌വെയർ

(c) റിപ്പോർട്ടുകൾ (d) കണക്റ്റിവിറ്റി

8. ഇനിപ്പറയുന്നവയിൽ ഏതാണ് നിർവഹണ തെറ്റ്.

(a) മെഷിനറി സ്ഥാപിക്കുന്നതിന് നൽകുന്ന വേതനം വേജസ് അക്കൗണ്ടിലേക്ക് ഡെബിറ്റ് ചെയ്യുന്നു.

(b) പണത്തിന് വാങ്ങിയ സാധനങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

(c) ഫർണിച്ചർ അക്കൗണ്ടിന്റെ തെറ്റായ ബാലൻസിങ്

(d) സ്ഥിര ആസ്തികളുടെ വിൽപ്പന സെയിൽസ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു

9. താഴെപറയുന്നവയിൽ ഏകാംഗ വ്യാപാരത്തിന്റെ സാമ്പത്തിക പത്രികകളിൽ പെടാത്തത് ഏത് ?

(a) ട്രേഡിംഗ് A/c (b) ബാലൻസ് ഷീറ്റ്

(c) ക്യാഷ് ബുക്ക് (d) പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട്

**II. 10 മുതൽ 15 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

10. നൽകിയിരിക്കുന്ന സൂചന അനുസരിച്ച് ഒഴിഞ്ഞുകിടക്കുന്ന ഭാഗം പൂരിപ്പിക്കുക :

**സൂചന** : സ്ഥാപനത്തിലെ ഉടമയുടെ നിക്ഷേപം - മൂലധനം

(a) ചുരുങ്ങിയ കാലത്തേക്ക് കൈവശം വച്ചിരിക്കുന്ന ആസ്തി - ______

(b) ________________________ - ഡബ്റ്റർ

11. ഇനിപ്പറയുന്നവ വികസിപ്പിക്കുക :

(i) GAAP

(ii) IFRS

12. ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ചുരുക്കി വിശദീകരിക്കുക.

13. വിനിമയ ബില്ലിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ പ്രസ്താവിക്കുക.

14. താഴെപ്പറയുന്നവയെ ഇൻപുട്ട് ഉപകരണങ്ങൾ, ഔട്ട്പുട്ട് ഉപകരണങ്ങൾ എന്നിങ്ങനെ ക്രമീകരിക്കുക :

കീബോർഡ്, മോണിറ്റർ, പ്രിന്റർ, ഒപ്റ്റിക്കൽ സ്കാനർ

15. താഴെപ്പറയുന്ന വിവരങ്ങളിൽ നിന്ന് 2020-21 വർഷത്തെ മൊത്ത ലാഭത്തിന്റെ തുക കണക്കാക്കുക :

| | |
|---|---|
| സെയിൽസ് | 6,00,000 രൂപ |
| പർച്ചേസ് | 3,50,000 രൂപ |
| കൂലി | 30,000 രൂപ |
| സ്റ്റോക്ക് (ഏപ്രിൽ 01, 2020) | 50,000 രൂപ |
| സ്റ്റോക്ക് (മാർച്ച് 31, 2021) | 70,000 രൂപ |

**III. 16 മുതൽ 19 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 × 3 = 9)**

16. താഴെപ്പറയുന്ന ഇടപാടുകളിൽനിന്നും അക്കൗണ്ടിംഗ് സമവാക്യം തയ്യാറാക്കുക :

(a) പണവുമായി ബിസിനസ് ആരംഭിച്ചു 50,000 രൂപ

(b) 20,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി

(c) ഫർണിച്ചറുകൾ വാങ്ങിയത് 25,000 രൂപ

17. അക്കൗണ്ടിംഗിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ വിവരിക്കുക.

18. ഇനിപ്പറയുന്നവയിൽ നിന്ന് കടത്തിലുള്ള വിൽപ്പന തുക കണ്ടെത്തുക :

| | |
|---|---|
| 1-4-2021 ലെ ഡബ്റ്റേഴ്സ് | 10,000 രൂപ |
| 31-3-2022 ലെ ഡബ്റ്റേഴ്സ് | 20,000 രൂപ |
| ഡബ്റ്റേഴ്സിൽനിന്നും പണം കിട്ടിയത് | 70,000 രൂപ |
| വിൽപ്പന മടക്കം | 5,000 രൂപ |

19. ബേബി സ്റ്റോറിന്റെ സെയിൽസ് ഡേ ബുക്കിൽ ഇനിപ്പറയുന്ന ഇടപാടുകൾ രേഖപ്പെടുത്തുക :

2021

ജനുവരി -1 രാഹുൽ ട്രേഡേഴ്സിന് വിറ്റത് (ഇൻവോയ്സ് നമ്പർ 1001)

50 രജിസ്റ്ററുകൾ 50 രൂപ വീതം

100 നോട്ട് പുസ്തകങ്ങൾ 30 രൂപ വീതം

ട്രേഡ് ഡിസ്കൗണ്ട് 10%.

ജനുവരി-5 ഗ്ലോബൽ ഗ്ലോബൽ സ്റ്റേഷനറിക്ക് വിറ്റത് (ഇൻവോയ്സ് നമ്പർ 1002)

50 കളർ ബുക്കുകൾ 30 രൂപ വീതം

200 ഫയലുകൾ @ 10 രൂപ വീതം

**IV. 20 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (3 × 4 = 12)**

20. ചേരുംപടി ചേർക്കുക :

| A | B |
|---|---|
| (a) ബിസിനസ്സിന്റെ നിലനിൽപ്പ് അതിന്റെ ഉടമയിൽ നിന്ന് വേറിട്ടതാണ് | (1) മുൻകരുതൽ തത്വം |
| (b) ആസ്തികൾ = ബാധ്യതകൾ + മൂലധനം | (2) മുടക്ക് തുക |
| (c) ആസ്തികളുടെ രേഖപ്പെടുത്തൽ വില അതിന്റെ ഏറ്റെടുക്കൽ വിലയാണ് | (3) ബിസിനസ്സ് അസ്തിത്വ തത്വം |
| (d) പ്രതീക്ഷിത ലാഭം രേഖപ്പെടുത്താതിരിക്കുക, നഷ്ട സാധ്യത മുൻകൂട്ടി കാണുക | (4) ഇരുഘടക തത്വം |

21. മൂല്യക്ഷയം നൽകേണ്ടതിന്റെ ആവശ്യകത ചുരുക്കി വിശദീകരിക്കുക. (ഏതെങ്കിലും നാല്)

22. 2022 ജനുവരി 01-ന് സുധീഷ്, പ്രസാദിന് 10,000 രൂപയ്ക്ക് സാധനങ്ങൾ വിൽക്കുകയും 2 മാസ കാലാവധിയുള്ള വിനിമയ ബില്ല് തയ്യാറാക്കി നൽക്കുകയും ചെയ്തു. പ്രസാദ് സുധീഷിന്റെ ഡ്രാഫ്റ്റ് സ്വീകരിക്കുകയും സുധീഷിന് കൈമാറുകയും ചെയ്തു. 2022 ജനുവരി 04-ന് സുധീഷ് 12% വാർഷിക പലിശ നിരക്കിൽ ബില്ലിനെ ബാങ്ക് വഴി ഡിസ്കൗണ്ട് ചെയ്തു. നിശ്ചിത തീയതിയിൽ പ്രസാദ് തന്റെ ഇടപാടുകൾ പൂർത്തീകരിച്ചു.

സുധീഷിന്റെ ബുക്കിൽ ജേണൽ എൻട്രികൾ രേഖപ്പെടുത്തുക.

23. ഇനിപ്പറയുന്നവയ്ക്കായി ക്രമീകരണ എൻട്രി എഴുതുക :

(a) മുൻകൂറായി നൽകിയ വാടക 1,000 രൂപ

(b) മുൻകൂറായി ലഭിച്ച കമ്മീഷൻ 500 രൂപ

V. **24 മുതൽ 28 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(3 × 5 = 15)**

24. കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് സിസ്റ്റത്തിന്റെ ഏതെങ്കിലും അഞ്ച് ഗുണങ്ങൾ ചുരുക്കി വിശദീകരിക്കുക.

25. താഴെപ്പറയുന്ന ലെഡ്ജർ ബാലൻസുകളിൽ നിന്ന് ട്രയൽ ബാലൻസ് തയ്യാറാക്കുക :

| അക്കൗണ്ട് ശീർഷകം | തുക |
|---|---|
| ബാങ്കിലെ പണം | 45,000 |
| സെയിൽസ് | 60,000 |
| ബിൽസ് റിസീവബിൾ | 15,000 |
| ബാങ്ക് വായ്പ | 20,000 |
| കമ്മീഷൻ നൽകി | 2,000 |
| പർച്ചേയ്സ് റിട്ടേൺ | 5,000 |
| മെഷിനറി | 45,000 |
| പർച്ചേയ്സ് | 40,000 |
| ക്രെഡിറ്റേഴ്സ് | 12,000 |
| മൂലധനം | 50,000 |

26. തന്നിരിക്കുന്ന ജേണലിലെ ഒഴിഞ്ഞുകിടക്കുന്ന ഭാഗങ്ങൾ പൂരിപ്പിക്കുക :

**ജേർണൽ**

| തീയതി | Particulars | L.F. | ഡെബിറ്റ് തുക | ക്രെഡിറ്റ് തുക |
|---|---|---|---|---|
| 2022 മാർച്ച് -1 | പർചേസ് A/c Dr. | | 10,000 | |
| | To ………….. A/c | | | 10,000 |
| | (ഹരിയിൽ നിന്ന് സാധനങ്ങൾ വാങ്ങി) | | | |
| " മാർച്ച് -5 | ………….. A/c Dr. | | 3,000 | |
| | To പർചേസ് A/c | | | 3,000 |
| | (വ്യക്തിഗത ഉപയോഗത്തിനായി സാധനങ്ങൾ എടുത്തു) | | | |
| " മാർച്ച് -10 | ഫർണിച്ചർ A/c Dr. | | 6,000 | |
| | To ബാങ്ക് A/c | | | 6,000 |
| | (…………………………) | | | |
| " മാർച്ച് -15 | ബിനു A/c Dr. | | 4,000 | |
| | To ………….. A/c | | | 4,000 |
| | (ബിനു വിന് സാധനം മടക്കി നൽകി ) | | | |
| " മാർച്ച് -20 | പണം A/c Dr. | | 5,000 | |
| | To സാബു A/c | | | 5,000 |
| | (…………………………) | | | |

27. (a) "ആസ്തികളുടെയും ബാധ്യതകളുടെയും മാർഷലിംഗ" എന്ന ആശയം വിവരിക്കുക.

(b) ഇനിപ്പറയുന്ന ആസ്തികളെ ഒരു ബാലൻസ് ഷീറ്റിൽ ലിക്വിഡിറ്റിയുടെ ക്രമത്തിൽ ക്രമീകരിക്കുക :

ഫർണിച്ചർ, ബാങ്കിലെ പണം, ഡബ്റ്റേഴ്സ്, കൈയിലുള്ള പണം, കെട്ടിടം, ക്ലോസിംഗ് സ്റ്റോക്ക്

28. പ്രസാദ് അസോസിയേറ്റ്സിന്റെ 31/03/2022 ലെ ക്യാഷ് ബുക്ക് ബാങ്ക് ബാലൻസ് 10,000 രൂപ കാണിക്കുന്നു. ക്യാഷ് ബുക്കും പാസ്ബുക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇനിപ്പറയുന്ന പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. 31/03/2022-ലെ ബാങ്ക് അനുരഞ്ജന പട്ടിക തയ്യാറാക്കുക :

(a) ചെക്ക് ബാങ്കിൽ നിക്ഷേപിച്ചെങ്കിലും 5,000 രൂപ ക്രെഡിറ്റ് ചെയ്തില്ല

(b) നൽകിയ ചെക്ക് ബാങ്കിൽ ഹാജരാക്കാത്തത് 2,500 രൂപ

(c) ബാങ്ക് അടച്ച ഇൻഷുറൻസ് പ്രിമിയം 1,500 രൂപ

(d) ഒരു ഉപഭോക്താവ് നേരിട്ട് ബാങ്കിലേക്ക് നിക്ഷേപിച്ചത് 5,000 രൂപ

**VI. 29 മുതൽ 30 വരെയുള്ള ഏതെങ്കിലും 1 ചോദ്യത്തിന് ഉത്തരമെഴുതുക. 8 സ്കോർ**

**(1 × 8 = 8)**

29. താഴെപ്പറയുന്ന ഇടപാടുകളിൽ നിന്ന് 2021 ഡിസംബർ മാസത്തെ ഇരട്ട കോളം ക്യാഷ് ബുക്ക് തയ്യാറാക്കുക :

| ഡിസംബർ | | |
|---|---|---|
| 01 | കൈവശമുള്ള പണം | 20,000 രൂപ |
| | ബാങ്കിലുള്ള പണം | 5,000 രൂപ |
| 03 | പണം കൊടുത്ത് സാധനങ്ങൾ വാങ്ങി | 3,000 രൂപ |
| 05 | ഹരിയിൽ നിന്ന് ചെക്ക് കിട്ടി, ബാങ്കിൽ നിക്ഷേപിച്ചു | 7,000 രൂപ |
| 08 | റൊക്കം പണത്തിന് സാധനം വിറ്റു | 4,000 രൂപ |
| 12 | ചെക്ക് നൽകി സാധനങ്ങൾ വാങ്ങി | 2,000 രൂപ |
| 15 | സ്ഥാപന ചെലവുകൾ ബാങ്ക് വഴി അടച്ചു | 1,000 രൂപ |
| 18 | റൊക്കം പണത്തിന് സാധനം വിറ്റു | 6,000 രൂപ |
| 20 | ബാങ്കിൽ പണം നിക്ഷേപിച്ചു | 7,000 രൂപ |
| 24 | വ്യാപാര ചെലവ് നൽകി | 3,000 രൂപ |
| 27 | ബാങ്ക് ശേഖരിച്ച ലാഭവിഹിതം | 2,000 രൂപ |
| 29 | വാടക നൽകി | 4,000 രൂപ |
| 30 | വ്യക്തിഗത ഉപയോഗത്തിന് പിൻവലിച്ച തുക | 3,000 രൂപ |
| 31 | ശമ്പളം നൽകി | 8,000 രൂപ |